(എഫ്) കോളേജ് വികസന സമിതി ഫണ്ട് ദുർവിനിയോഗം ചെയ്തതായ ആരോപണത്തിന്മേൽ നടത്തിയ സമഗ്രമായ അന്വേഷണത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി കൊണ്ടിരിക്കുന്നതേയുള്ളൂ.

(ജി) സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം പ്രിൻസിപ്പലിന്റെ പേരിൽ പ്രത്യേക പി. ഡി. അക്കൗണ്ടിൽ നിക്ഷേപിക്കാനായിരുന്നു ഉത്തരവ് നല്കിയിരുന്നത്. കോളേജ് വികസന സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിച്ചതിനെ സംബന്ധിച്ച് നടക്കുന്ന അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷമേ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുവാൻ കഴിയൂ.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ നിയമനം

73 [1436] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഈ വർഷം നിയമനം നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം സംബന്ധിച്ച് എംപ്ലോയ്മെന്റ് വകുപ്പ് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെന്തെല്ലാം;

(ഡി) പ്രസ്തുത നിയമനത്തിന് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നിർബന്ധമാക്കിയിട്ടുണ്ടോ;

(ഇ) വയസ് അധികമായവർ, എംപ്ലോയ്മെന്റിൽ രജിസ്ട്രേഷനിൽ സീനിയർ ആയവർ, വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ എന്നിവർക്ക് എന്തെങ്കിലും പ്രാതിനിധ്യം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) നിയമനം നടത്തിയിട്ടുണ്ട്.

(ബി) നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കരാർ വ്യവസ്ഥയിൽ താല്ക്കാലികാടിസ്ഥാനത്തിൽ പരമാവധി ഒരു വർഷക്കാലയളവിലേക്ക് നിയമിക്കുക എന്ന മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ യോഗ്യത, പ്രായം, തൊഴിൽ പരിചയം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ സീനിയോറിറ്റി, സമുദായ സംവരണം എന്നീ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് എംപ്ലോയ്മെന്റ് വകുപ്പ് നിയമനത്തിനായി ശുപാർശ ചെയ്യാറുള്ളത്. വിധവകളെയും അംഗവൈകല്യമുള്ള വരെയും മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിയമനത്തിന് ഇന്റർവ്യൂ നിർബന്ധമാക്കിയിട്ടുണ്ട്.

(ഇ) വയസ്സ് അധികമായവർ, എംപ്ലോയ്മെന്റിൽ രജിസ്ട്രേഷനിൽ സീനിയ റായവർ എന്നിവർക്ക് അതത് കാരണങ്ങളാൽ മാത്രം പ്രത്യേകം പ്രാതിനിധ്യം നൽകി യിട്ടില്ല. ഓരോ നിയമനത്തിനും നിർണ്ണയിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ കൂടി കണക്കി ലെടുക്കുമ്പോൾ ഇത്തരക്കാർക്ക് പ്രത്യേക പ്രാതിനിധ്യം നൽകാൻ സാധിക്കുകയില്ല. എന്നാൽ വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചും മുൻഗണനാ വിഭാഗത്തിൽ പ്പെടുത്തിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശചെയ്യുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിർത്തലാക്കാൻ നടപടി

74 [1437] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ നടത്തുന്നതുമൂലം പരീക്ഷ നടത്തിപ്പിൽ അഴിമതി നടക്കുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാ നടത്തിപ്പിലെ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്ന തിന് നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly